പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1839 07.12.2015 ൽ മറുപടിയ്ക്ക്

## പത്തനംതിട്ട ജില്ലയിലെ ജനസമ്പർക്ക പരിപാടി

| ചോദ്യം<br>ശ്രീ.രാജു എബ്രഹാം | മറുപടി<br>ശ്രീ.ഉമ്മൻ ചാണ്ടി<br>(മുഖ്യമന്ത്രി) |
|---|---|
| എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മുഖ്യമന്ത്രി ജില്ലകൾ തോറും എത്ര തവണയാണ് ജനസമ്പർക്ക പരിപാടി സംഘടിപ്പിച്ചത്; | എ) മൂന്ന ഘട്ടങ്ങളിലായി ഓരോ ജില്ലയിലും മൂന്ന തവണ വീതം ജനസമ്പർക്ക പരിപാടി സംഘടിപ്പിച്ചിട്ടുണ്ട്. |
| ബി) പത്തനംതിട്ട ജില്ലയിൽ ഓരോ ജനസമ്പർക്ക പരിപാടിയിലും എത്ര അപേക്ഷ വീതമാണ് ലഭിച്ചിട്ടുള്ളത്; എത്ര അപേക്ഷകളിന്മേൽ ഇനിയും തീരുമാനം എടുക്കാനുണ്ട്; തീരുമാനം വൈകുന്നതിന്റെ കാരണം എന്താണ്; വിശദമാക്കുമോ; | ബി) ജനസമ്പർക്ക പരിപാടികളിൽ ഒന്നും രണ്ടും മൂന്നും ഘട്ടങ്ങളിലായി യഥാക്രമം 44,199, 11,614, 21,587 പരാതികൾ ലഭിച്ചിട്ടുണ്ട്.ഒന്നും രണ്ടും ഘട്ടങ്ങളിലെ എല്ലാ അപേക്ഷകളും തീർപ്പ കൽപ്പിച്ചിട്ടുണ്ട്. 2015 ൽ നടന്ന മൂന്നാംഘട്ട ജനസമ്പർക്ക പരിപാടിയിൽ ലഭിച്ച അപേക്ഷകളിൽ 1,827 അപേക്ഷകൾ തീർപ്പകൽപ്പിക്കാനുണ്ട്. അവയിൽ കോടതിയുടെ പരിഗണനയിലുള്ളതും വേഗം തീർപ്പകല്പിക്കാനാകാത്തതും മറ്റുമായ അപേക്ഷകൾ ഉൾപ്പെടുന്നു. |
| സി) പ്രസ്തുത പരിപാടിയുമായി ബന്ധപ്പെട്ട് ജില്ലയിൽ പുതുതായി ഏതൊക്കെ പദ്ധതികൾ ആരംഭിച്ചു; ഇതിനായി എത്ര രൂപ ചെലവഴിച്ചു; വിശദമാക്കാമോ; | സി)<br>1) **ഉണർവ്വ് പദ്ധതി**- ജില്ലയിലെ ഹയർ സെക്കണ്ടറി ക്ലാസ്സുകളിൽ പഠിക്കുന്ന മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികളുടെ ആരോഗ്യം, ബോധവത്ക്കരണം, തൊഴിൽ നിർദ്ദേശങ്ങൾ നൽകുന്നതിനുള്ള പരിശീലനപരിപാടി. ഈ പദ്ധതിക്ക് സാമൂഹ്യനീതി വകുപ്പിൽ നിന്നും ആദ്യ ഘട്ടമായി 2.86 ലക്ഷം രൂപയും രണ്ടാം ഘട്ടമായി ജില്ലാപഞ്ചായത്തിൽ നിന്നും 5.65 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്.<br><br>**2) പ്രവാസി മിത്രം**- ജില്ലയിലെ പ്രവാസി മലയാളികളുടെ ക്ഷേമത്തിനായുള്ള പദ്ധതിയുടെ നടത്തിപ്പിനായി ആദ്യഘട്ടമായി 3 ലക്ഷം രൂപ കുടുംബശ്രീ മിഷനിൽ നിന്നും അനുവദിച്ചിട്ടുണ്ട്. |

| | |
|---|---|
| | 3) **എക്സ്പ്ലോർ പത്തനംതിട്ട** - പദ്ധതിയുടെ ഉദ്ഘാടനം നടത്തിയിട്ടുണ്ട്.<br><br>4) **ജനസേവ പ്രോജക്ട്**- സർക്കാർ സേവനങ്ങളെക്കുറിച്ച് ജനങ്ങൾക്കിടയിൽ ബോധവത്ക്കരണം ഉണ്ടാക്കുന്നതിനും സർക്കാരിന്റെ വിവിധ ക്ഷേമ പദ്ധതികൾക്ക് അർഹരായവരെ കണ്ടെത്തുന്നതിനുമായുള്ള പദ്ധതി ആരംഭിച്ചിട്ടുണ്ട്. |
| ഡി) മറ്റ് പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള തടസ്സം എന്തൊക്കെയാണ് ? | ഡി) **ഊരിൽ സ്വപ്ന വീട്, കേരള-തമിഴ്നാട് അന്തർ സംസ്ഥാന പദ്ധതി, പിൽഗ്രിം ടൂറിസം, പ്ലാസ്റ്റിക് ഫ്രീ ശബരിമല** എന്നീ പദ്ധതികൾ പരിഗണനയിലാണ്. |

Kunhikannan

സെക്ഷൻ ഓഫീസർ